LIBRARY ARCHIVES Kerala Legislative Assembly

ധർമ്മടം നിയോജക മണ്ഡലത്തിൽ അങ്കണവാടി ടെയിനിംഗ് സെന്ററിന്റെയും ബാലഭവന്റെയും കെട്ടിടനിർമ്മാണം

393 (1838) ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് അനുവദിച്ച അങ്കണവാടി ടെയിനിംഗ് സെന്ററിന്റെയും ബാലഭവന്റെയും കെട്ടിടനിർമ്മാണം എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രവൃത്തിയുടെ കരാർ നല്കിയിരുന്നത് ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂരിലെ പിണറായിയിൽ അനുവദിച്ചിട്ടുള്ള അങ്കണവാടി പരിശീലന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (PICOS) എന്ന നിർമ്മാണ ഏജൻസിയ്ക്കാണ് അങ്കണവാടി പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തിയുടെ കരാർ നൽകിയിരിക്കുന്നത്.

(സി) ശിശുക്ഷേമ സമിതിയുമായി നിർമ്മാണ ഏജൻസിയ്ക്ക് നൽകിയിരുന്ന കാലാവധി അവസാനിച്ചതിനാൽ, കരാർ കാലാവധി നീട്ടി പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ

394 (1839) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നിന്നും എത്രപേർക്ക് വാഹനങ്ങൾ നൽകി ; വാഹനങ്ങൾ ലഭിച്ചവരുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ;

(ബി) മുച്ചക്ര വാഹനത്തിന് അപേക്ഷിക്കുന്നവർക്ക് എന്തൊക്കെ സർട്ടിഫിക്കറ്റുകളാണ് സമർപ്പിക്കേണ്ടത് ; വരുമാനപരിധി നിബന്ധന ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?